# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 106 25.04.2017- ൽ മറുപടിയ്ക്ക്

**പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉണ്ണി | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |

എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിലവിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

എ) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിലവിൽ 1,61,100 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | അംഗങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 18371 |
| 2 | കൊല്ലം | 23614 |
| 3 | പത്തനംതിട്ട | 8409 |
| 4 | ആലപ്പുഴ | 13172 |
| 5 | കോട്ടയം | 4368 |
| 6 | ഇടുക്കി | 846 |
| 7 | എറണാകുളം | 5646 |
| 8 | തൃശ്ശൂർ | 11870 |
| 9 | പാലക്കാട് | 7746 |
| 10 | മലപ്പുറം | 15127 |
| 11 | കോഴിക്കോട് | 22173 |
| 12 | വയനാട് | 1285 |
| 13 | കണ്ണൂർ | 24103 |
| 14 | കാസറഗോഡ് | 4370 |

| | | | |
|---|---|---|---|
| ബി) | പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും അതിന്റെ അംഗങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നല്കി വരുന്നു; വിശദാംശം ലഭ്യമാക്കാമോ; | ബി) | ബോർഡിൽ നിന്നും നല്കിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പെൻഷൻ</u><br>അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപയും പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നല്കി വരുന്നുണ്ട്.<br><br><u>കുടുംബ പെൻഷൻ</u><br>എ) ഒരു അംഗം പെൻഷന് അർഹത നേടിയതിനു ശേഷം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. |

ബി) കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനം ആയിരിക്കും.

## മരണാനന്തര ധനസഹായം

പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അമ്പതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചു വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നല്കി വരുന്നുണ്ട്.

## ചികിത്സാ ധനസഹായം

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കല്പിതാംഗങ്ങളുടെയും ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നുണ്ട്.

## വിവാഹ ധനസഹായം

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചു വരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായ പൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി പതിനായിരം രൂപ

ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>പ്രസവാനുകൂല്യം</u>

- തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാംഗത്തിന് പ്രസവത്തിന് 3000/- രൂപ അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു അംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഗർഭം അലസൽ സംഭവിച്ചിട്ടുള്ള കല്പിതാംഗം ഒഴികെയുള്ള വനിതാംഗത്തിന് 2000 രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ട് തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>വിദ്യാഭ്യാസ ആനുകൂല്യം</u>

രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പരമാവധി 4000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക.

സി) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ നിലവിലെ ആസ്തി എത്രയെന്ന് വ്യക്തമാക്കാമോ ;

സി) 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കണക്കുകൾ അനുസരിച്ച് ബോർഡിന്റെ ആസ്തി 101,14,84,439/- രൂപയാണ്. 2016-17 വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ല.

ഡി) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യം വിതരണം ചെയ്ത വകയിൽ എത്ര തുക ചെലവഴിച്ചു; 30.11.2009 മുതൽ 31.03.2017 വരെയുള്ള കണക്ക് വെളിപ്പെടുത്താമോ ;

ഡി) 30.11.2009 മുതൽ 31.03.2017 വരെ ബോർഡിൽ നിന്നും അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഇ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം ഉൾപ്പടെയുള്ള ചെലവുകൾക്കായി 30.11.2009 മുതൽ 31.03.2017 വരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഇ) 30.11.2009 മുതൽ 31.03.2017 വരെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ്

| വർഷം | ചെലവ് |
|---|---|
| 2009-10 | 26,41,955.00/- |
| 2010-11 | 54,84,179.50/- |
| 2011-12 | 63,43,715.50/- |
| 2012-13 | 80,78,367.00/- |
| 2013-14 | 85,58,018.00/- |
| 2014-15 | 88,93,712.00/- |
| 2015-16 | 1,00,98,043.00/- |
| 2016-17 | ഓഡിറ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | മരണാനന്തര ധനസഹായം | | ചികിത്സാ ധനസഹായ | | വിവാഹ ധനസഹായം | | പ്രസവാനുകൂല്യം | | FD (മൈനർ നോമിനി) | | വിദ്യാഭ്യാസ ഗ്രാന്റ് | | പെൻഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | നം | തുക | നം | തുക | നം | തുക | നം | തുക | നം | തുക | നം | തുക | നം | തുക |
| 2010-11 | 33 | 4,70,000 | - | - | - | - | - | - | - | - | - | - | - | - |
| 2011-12 | 12 | 2,20,000 | 1 | 24146 | - | - | - | - | - | - | - | - | - | - |
| 2012-13 | 66 | 16,36,666 | 20 | 3,04,500 | - | - | - | - | - | - | - | - | - | - |
| 2013-14 | 92 | 29,78,499 | 60 | 8,80,580 | 38 | 1,90,000 | 2 | 6000 | - | - | - | - | - | - |
| 2014-15 | 110 | 35,62,500 | 112 | 13,42,000 | 128 | 6,35,000 | 2 | 6000 | 6 | 75000 | 59 | 1,44,500 | 404 | 11,13,500 |
| 2015-16 | 109 | 36,08,333 | 164 | 24,63,000 | 204 | 18,10,000 | 2 | 6000 | 72 | 783002 | 62 | 124000 | 2046 | 1,04,89,990 |
| 2016-17 | 106 | 33,55,000 | 131 | 19,07,557 | 211 | 21,10,000 | 3 | 9000 | 19 | 3,47,500 | 44 | 1,00,000 | 4346 | 4,78,67,734 |